REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 15-07-2024 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- തിരുവനന്തപുരം ആമയിഴഞ്ചാൻ തോട്ടിൽ കാണാതായ ശുചീകരണ തൊഴിലാളി ജോയ്-യുടെ മൃതദേഹം കണ്ടെത്തി.
- സംസ്ഥാനത്ത് മിക്ക ജില്ലകളിലും കനത്ത മഴ. എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പ്.
- കൊങ്കൺ പാതയിൽ വീണ്ടും മണ്ണിടിച്ചിൽ. ഇന്നത്തെ തിരുവനന്തപുരം നേത്രാവതി എക്സ്പ്രസ് റദ്ദാക്കി.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രോഗി ലിഫ്റ്റിൽ കുടുങ്ങിയ സംഭവത്തിൽ അന്വേഷണത്തിന് മന്ത്രി വീണാജോർജിന്റെ നിർദേശം.
- കോപ്പ- അമേരിക്ക ഫുട്ബോൾ കിരീടം അർജന്റീനയ്ക്ക്.

## വാർത്തകൾ വിശദമായി

**ആമയിഴഞ്ചാൻ തോട്ടിൽ കാണാതായ ശുചീകരണ തൊഴിലാളി ജോയ്-യുടെ മൃതദേഹം കണ്ടെത്തി. തകരപറമ്പ്- വഞ്ചിയൂർ റോഡിലെ കനാലിൽ നിന്നാണ് മൃതദേഹം കണ്ടെത്തിയത്. മൃതദേഹം ജോയിയുടേതാണെന്ന് ബന്ധുക്കളും സുഹൃത്തുക്കളും സ്ഥിരീകരിച്ചു.**

**ജോയ്-യെ കണ്ടെത്താൻ 46 മണിക്കൂറിലേറെ ദുരന്ത നിവാരണ സേനയും, പൊലീസും ഫയർഫോഴ്സും തെരച്ചിൽ നടത്തിയിരുന്നു. ജീർണിച്ച അവസ്ഥയിലായിരുന്നു മൃതദേഹം. തൊഴിലാളിയെ കാണാതായ സ്ഥലത്ത് നിന്ന് ഒരു കിലോമീറ്റർ അകലെയാണ് മൃതദേഹം ഒഴുകിയെത്തിയത്. പോലീസും അഗ്നിരക്ഷാ സേനയും**

സ്ഥലത്ത് എത്തി മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.

✪✪✪

ജോയിയുടെ മരണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതായി മുഖ്യമന്ത്രി പറഞ്ഞു.

അതിസങ്കീർണമായ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട അഗ്നിരക്ഷാസേന, സ്കൂബാ ഡൈവിങ് സംഘം, ദേശീയ ദുരന്തനിവാരണ സേന, പോലീസ്, നാവികസേനയുടെ വിദഗ്ധസംഘം, ശുചീകരണ തൊഴിലാളികൾ തുടങ്ങിയവരെ മുഖ്യമന്ത്രി അഭിനന്ദിച്ചു.

✪✪✪

ആമയിഴഞ്ചാൻ തോട്ടിൽ ശുചീകരണ തൊഴിലാളി ജോയിയുടെ മരണത്തിന് ഉത്തരവാദികൾ സംസ്ഥാന ഗവൺമെന്റും, നഗരസഭയും, റെയിൽവെയുമാണെന്ന് KPCC പ്രസിഡണ്ട് K സുധാകരൻ കുറ്റപ്പെടുത്തി. മാലിന്യ നിർമ്മാർജ്ജനത്തിൽ അതീവ ഗുരുതരമായ വീഴ്ചയാണ് രക്ഷാപ്രവർത്തനത്തിന് തടസ്സമായതെന്ന് അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു. ജോയിയുടെ കുടുംബത്തിന് അർഹമായ നഷ്ടപരിഹാരം നൽകാൻ ഗവൺമെന്റും റെയിൽവെയും തയ്യാറാകണമെന്നും സുധാകരൻ ആവശ്യപ്പെട്ടു.

✪✪✪

പാർലമെന്റ് മൺസൂൺ സമ്മേളനത്തിനു മുന്നോടിയായി സംസ്ഥാനത്തെ MP മാരുടെ യോഗം തിരുവനന്തപുരത്ത് ചേർന്നു. ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിലായിരുന്നു യോഗം. സംസ്ഥാനത്തിന്റെ നിലപാടുകളെ കുറിച്ചും ആവശ്യങ്ങളെക്കുറിച്ചും യോഗം ചർച്ച ചെയ്തു. മന്ത്രിമാരായ P രാജീവ്, K കൃഷ്ണൻകുട്ടി, AK ശശീന്ദ്രൻ, വീണ ജോർജ്, PA മുഹമ്മദ് റിയാസ്, രാമചന്ദ്രൻ കടന്നപ്പള്ളി, MB രാജേഷ്, തുടങ്ങിയവരും ഉന്നത ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

✪✪✪

സംസ്ഥാനത്ത് മിക്ക ജില്ലകളിലും മഴ തുടരുന്നു. വടക്കൻ ജില്ലകളിൽ മലയോരമേഖലകളിലടക്കം രാവിലെ മുതൽ മഴ തുടരുകയാണ്. എല്ലാ ജില്ലകളിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഴമുന്നറിയിപ്പ് നൽകി.

അതിതീവ്ര മഴ സാധ്യത കണക്കിലെടുത്ത് കാസർകോട്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ ചുവപ്പ് ജാഗ്രതയാണ്. വയനാട്, കോഴിക്കോട്, പാലക്കാട്, തൃശൂർ, എറണാകുളം ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി.

ഏഴ് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാകലക്ടർമാർ ഇന്ന് അവധി നൽകിയിട്ടുണ്ട്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട്, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ പ്രൊഫഷണൽ കോളേജ് ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കാസർകോട് ജില്ലയിൽ കോളജുകൾ ഒഴികെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമാണ് അവധി. മാഹിയിലും ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധിയാണ്.

കേരള - ലക്ഷദ്വീപ്- കർണാടക തീരങ്ങളിൽ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

✪✪✪

സംസ്ഥാനത്ത് പലയിടത്തും ശക്തമായ മഴയിലും കാറ്റിലും മരങ്ങൾ വീണ് വൈദ്യുതി, ഗതാഗത സംവിധാനങ്ങൾ തടസ്സപ്പെട്ടു. പാലക്കാട് കുമ്പിടി, മലപ്പുറം മാലാപറമ്പ്, കൂത്തുപറമ്പിനടുത്ത് മാനന്തേരി 14-ാം മൈൽ എന്നിവിടങ്ങളിൽ മരങ്ങൾ വീണു. ഗുരുവായൂർ ക്ഷേത്രത്തിന്റെ തെക്കേ നടയിൽ കൂവളമരത്തിന്റെ ശിഖരം പൊട്ടിവീണ് യുവതിയ്ക്ക് പരിക്കേറ്റു.

✪✪✪

പാലക്കാട്, പാലക്കയം വട്ടപ്പാറയിൽ വെള്ളച്ചാട്ടത്തിൽ കാണാതായ യുവാവിന്റെ മൃതദേഹം കണ്ടെത്തി. മണ്ണാർക്കാട് സ്വദേശി വിജയ് -യുടെ മൃതദേഹമാണ് ഇന്ന് പുലർച്ചെ വെള്ളച്ചാട്ടത്തിലെ കുഴിയിലകപ്പെട്ട നിലയിൽ കണ്ടെത്തിയത്. ഇന്നലെയാണ് സുഹൃത്തുക്കൾക്കൊപ്പം വിജയ് പാലക്കയത്ത് വട്ടപ്പാറ വെള്ളച്ചാട്ടത്തിൽ എത്തിയത്.

✪✪✪

കണ്ണൂർ ജില്ലയിൽ കനത്ത മഴ തുടരുന്നു. പലയിടത്തും നാശനഷ്ടമുണ്ടായി. വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് സഞ്ചാരികൾക്ക് നിയന്ത്രണം ഏർപ്പെടുത്തി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

.....(വോയ്സ്)................

✪✪✪

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവും കപ്പലും കാണാനായി പാറയിൽ കയറി നിൽക്കുന്നതിനിടെ തിരയടിച്ച് കടലിൽ വീണ യുവാവിനെ കാണാതായി. ഇന്നലെ സന്ധ്യയോടെയുണ്ടായ അപകടത്തിൽ പുളിങ്കുടി ആഴിമല അജീഷിനെയാണ് കാണാതായത്.

കോസ്റ്റൽ പൊലീസും, മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗവും ബോട്ടുകളിൽ രാത്രി വൈകിയും തിരച്ചിൽ നടത്തി.

✪✪✪

കൊങ്കൺ പാതയിൽ രത്നഗിരി മേഖലയിൽ മണ്ണിടിഞ്ഞതിനെ തുടർന്ന് കേരളത്തിലേക്കു വരികയായിരുന്ന നാല് ട്രെയിനുകൾ വഴിതിരിച്ചു വിട്ടതായി റെയിൽവെ അറിയിച്ചു. വെള്ളിയാഴ്ച പുറപ്പെട്ട ഗാന്ധിധാം -നാഗർകോവിൽ, ശനിയാഴ്ച യാത്ര തിരിച്ച ഹസ്രത്ത് നിസാമുദ്ദീൻ-എറണാകുളം, ഇന്നലെ പുറപ്പെട്ട ലോകമാന്യ തിലക് - തിരുവനന്തപുരം, എക്സ്പ്രസ് ട്രെയിനുകൾ കല്യാൺ, പൂനെ, മഡ്-ഗാവ്, മംഗലൂരു ജംഗ്ഷൻ വഴിയാണ് തിരിച്ചു വിട്ടത്. ഇന്നലെ പുറപ്പെട്ട പൂനെ-എറണാകുളം എക്സ്പ്രസ് ട്രെയിനും വഴി തിരിച്ചു വിട്ടതായി റെയിൽവെ അറിയിച്ചു.

ഉച്ചയ്ക്ക് പന്ത്രണ്ടേ മുക്കാലിന് പൻവേലിൽ നിന്ന് പുറപ്പെടേണ്ടിയിരുന്ന തിരുവനന്തപുരം നേത്രാവതി എക്സ്പ്രസ് റദ്ദാക്കിയതായി റെയിൽവെ അറിയിച്ചു.

രത്നഗിരിയിലെ ഖേഡിനും വിച്നേരയ്ക്കുമിടയിലാണ് ട്രാക്കിലേക്ക് മണ്ണിടിഞ്ഞു വീണത്. കനത്ത മഴ മണ്ണ് നീക്കൽ ജോലികൾക്ക് തടസ്സമാകുന്നുണ്ട്.

✪✪✪

ട്രയൽ റൺ പുരോഗമിക്കുന്ന വിഴിഞ്ഞം തുറമുറഖത്ത് രണ്ടാമത്തെ ചരക്ക് കപ്പൽ അല്പസമയത്തിനകം ബെർത്തിലെത്തും. മറീൻ അസർ എന്ന ഫീഡർ കപ്പലാണ് കൊളംബോയിൽ നിന്ന് വിഴിഞ്ഞത്തെത്തിയത്. കപ്പൽ നേരത്തെ തുറമുഖത്തിന്റെ പുറംകടലിൽ നങ്കൂരമിട്ടിരുന്നു. ആദ്യമെത്തിയ മദർഷിപ്പ് സാൻ ഫർണാണ്ടോ അല്പം മുൻപ് തിരികെ പോയി.

സാൻ ഫെർണാണ്ടോയിൽ നിന്ന് തുറമുഖത്ത് ഇറക്കിയ 1,930 കണ്ടെയ്നറുകളിൽ 607 എണ്ണം തിരികെ കപ്പലിലേക്ക് കയറ്റി റീപൊസിഷൻ ചെയ്യുന്ന ജോലി പൂർത്തിയാക്കിയ ശേഷമാണ് കപ്പൽ തിരിച്ചുപോയത്.

✪✪✪

സംസ്ഥാനത്ത് മുഹറം അവധി നാളെത്തന്നെയായിരിക്കുമെന്ന് ഗവൺമെന്റ് ഔദ്യോഗികമായി അറിയിച്ചു. മുഹറം പത്ത് ഈ മാസം 17 ന് ആയ സാഹചര്യത്തിൽ അവധി പുനഃക്രമീകരിച്ചേക്കുമെന്ന റിപ്പോർട്ടുകളെ തുടർന്നാണ് ഗവൺമെന്റ് വിശദീകരണം നൽകിയത്.

✪✪✪

യുവ സമൂഹത്തിന്റെ കരുത്ത് സംസ്ഥാന വികസനത്തിന്റെ ചാലക ശക്തിയാകണമെന്ന് കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു. ജന്മഭൂമി സുവർണ്ണജൂബിലി ആഘോഷത്തിന്റെ മുന്നോടിയായി കോഴിക്കോട്ടെ പൗരപ്രമുഖർ, വ്യവസായ പ്രമുഖർ എന്നിവർ പങ്കെടുത്ത കോഴിക്കോടിന്റെ വികസന സാദ്ധ്യതകൾ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു ജോർജ് കുര്യൻ.

✪✪✪

ഇന്ന് ലോക യുവജന നൈപുണ്യ ദിനം.

തൊഴിലവസരങ്ങൾ, മാന്യമായ തൊഴിൽ സാഹചര്യം, സംരംഭകത്വം എന്നീ രംഗങ്ങളിലേക്ക് യുവതയെ നൈപുണ്യത്തിലൂടെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ 2014 മുതലാണ് ഐക്യരാഷ്ട്ര പൊതുസഭ ജൂലൈ 15 ലോക യുവജന നൈപുണ്യ ദിനമായി ആചരിക്കാൻ തുടങ്ങിയത്. 'യുവനൈപുണ്യം സമാധാനത്തിനും വികസനത്തിനും എന്നതാണ്' ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

തമിഴ്നാട്ടിലെ ഗവൺമെന്റ്-എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്ന പരിപാടിയ്ക്ക് തുടക്കമായി. മുഖ്യമന്ത്രി MK സ്റ്റാലിൻ കുഞ്ഞുങ്ങൾക്കൊപ്പം പ്രഭാത ഭക്ഷണം കഴിച്ചാണ് പദ്ധതി ഉദ്ഘാടനം ചെയ്തത്.

✪✪✪

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രോഗി ഒന്നര ദിവസത്തിലേറെ ലിഫ്റ്റിൽ കുടുങ്ങിയ സംഭവത്തിൽ അന്വേഷിച്ച് നടപടി സ്വീകരിക്കാൻ മന്ത്രി വീണാജോർജ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി.

തിരുമല സ്വദേശി രവീന്ദ്രൻ നായരാണ് ശനിയാഴ്ച മുതൽ ഇന്നു രാവിലെ ആറു വരെ ലിഫ്റ്റിൽ കുടുങ്ങിയത്. രാവിലെ ലിഫ്റ്റ് ഓപ്പറേറ്ററുടെ പരിശോധനയിലാണ് രവീന്ദ്രൻ നായരെ കണ്ടെത്തിയത്.

✪✪✪

കൊളംബിയയെ ഒരു ഗോളിന് തകർത്ത് കോപ്പ- അമേരിക്ക കിരീടം അർജന്റീന സ്വന്തമാക്കി. എക്സ്ട്രോ ടൈമിൽ കളിയുടെ 112-ാം മിനിറ്റിൽ ലൗട്ടാറോ മാർട്ടിനസ് ആണ് വിജയഗോൾ നേടിയത്. 16-ാം തവണയാണ് അർജന്റീന കോപ്പ- അമേരിക്ക കിരീടം സ്വന്തമാക്കുന്നത്.

മിയാമിയിലെ ഹാർഡ്റോക്ക് സ്റ്റേഡിയത്തിൽ കടുത്ത മത്സരമാണ് ഇരുടീമുകളും കാഴ്ചവെച്ചത്. ഗോൾരഹിതമായ രണ്ട് പകുതിയിലും ഇരുടീമുകളും ഗോളടിക്കാൻ കിണഞ്ഞു ശ്രമിച്ചെങ്കിലും മറുപക്ഷത്തിന്റെ പ്രതിരോധത്തിനു മുന്നിൽ പതറുകയായിരുന്നു.

അതിനിടെ, 66-ാം മിനിറ്റിൽ അർജന്റീനയുടെ ലോകതാരം ലയണൽ മെസ്സിക്ക് പരിക്കിനെ തുടർന്ന് കളിക്കളത്തിൽ നിന്ന് പിന്മാറേണ്ടി വന്നു. രണ്ടു തവണ പരിക്കേറ്റ മെസ്സി നിരാശയോടെ പവലിയനിലേക്ക് മടങ്ങി.

✪✪✪

യൂറോ കപ്പ് കിരീടം സ്പെയിനിന്. ബെർലിനിൽ നടന്ന കലാശപ്പോരാട്ടത്തിൽ ഇംഗ്ലണ്ടിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് സ്പെയിൻ നാലാം തവണ യൂറോകപ്പിൽ മുത്തമിട്ടത്. യൂറോകപ്പിലെ ഏറ്റവും മികച്ച യുവകളിക്കാരനായി സ്പെയിനിന്റെ മുന്നേറ്റ താരം ലാമിൻ യമാലിനെ തിരഞ്ഞെടുത്തു.

✪✪✪

സിംബാബ്‌വെയ്ക്ക് എതിരായ ട്വന്റി-20 പരമ്പര ഇന്ത്യ സ്വന്തമാക്കി. അഞ്ച് മൽസരങ്ങളടങ്ങിയ പരമ്പരയിൽ നാലിലും വിജയിച്ചാണ് ഇന്ത്യയുടെ നേട്ടം. ഹരാരെയിൽ അവസാന മൽസരത്തിൽ 42 റൺസിനാണ് ഇന്ത്യയുടെ ജയം. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 6 വിക്കറ്റ് നഷ്ടത്തിൽ 167 റൺസെടുത്തു. മറുപടി ബാറ്റിംഗിനിറങ്ങിയ സിംബാബ്‌വെ 18.3 ഓവറിൽ 125 റൺസിന് പുറത്തായി .

✪✪✪

വിംബിൾഡൺ ടെന്നീസ് പുരുഷ സിംഗിൾസിൽ സ്പെയിനിന്റെ കാർലോസ് അൽകാരസിന് കിരീടം. ലണ്ടനിലെ സെന്റർകോർട്ടിൽ സെർബിയയുടെ നൊവാക് ജോക്കോവിച്ചിനെ പരാജയപ്പെടുത്തിയാണ് കാർലോസ് അൽകാരസിന്റെ ജയം.

✪✪✪

ഇന്നലെ അന്തരിച്ച പ്രശസ്ത ചലച്ചിത്ര നിർമ്മാതാവും സംവിധായകനുമായ അരോമ മണിയുടെ സംസ്കാരം ഉച്ചയ്ക്ക് 1.30 ന് അരുവിക്കരയിലെ വീട്ടുവളപ്പിൽ നടത്തും. രാവിലെ പത്തു മുതൽ 11.30 വരെ മൃതദേഹം തൈക്കാട് ഭാരത് ഭവനിൽ പൊതുദർശനത്തിന് വെച്ചു. തിരുവനന്തപുരത്ത് കുന്നുകുഴിയിലെ വസതിയിലായിരുന്നു 65 കാരനായ അരോമ മണിയുടെ അന്ത്യം.

✪✪✪

കണ്ണൂർ നഗരത്തിലെ പ്രെട്രോൾ പമ്പ് ജീവനക്കാരനെ കാറിടിച്ച് അപായപ്പെടുത്താൻ ശ്രമിച്ച സംഭവത്തിൽ പൊലീസ്-ഡ്രൈവർക്കെതിരെ വധശ്രമത്തിന് കേസെടുത്ത് അറസ്റ്റ് ചെയ്തു. വകുപ്പുതല നടപടി ഉണ്ടാവുമെന്നും പൊലീസ് അറിയിച്ചു. ഇന്നലെ വൈകുന്നേരം നഗരത്തിലെ NKBT പെട്രോൾ പമ്പ് ജീവനക്കാരൻ അനിലിനെയാണ് വാഹനമിടിച്ച് അപായപ്പെടുത്താൻ ശ്രമിച്ചത്.

കണ്ണൂർ DHQ മെസ് ഡ്രൈവർ സന്തോഷാണ് പെട്രോൾ അടിച്ചതിന്റെ മുഴുവൻ പണവും നൽകാതെ പോകാൻ ശ്രമിച്ചത്. ഇതേ തുടർന്ന് കാർ തടഞ്ഞ നിർത്താൻ ശ്രമിച്ച പമ്പ് ജീവനക്കാരൻ അനിലിനെ കാറിന്റെ ബോണറ്റിന് മുകളിൽ ഇരുന്ന നിലയിൽ ഏറെ ദൂരം മുന്നോട്ട് പോവുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു.

✪✪✪